വെളിച്ചം സൗദി ഓൺലൈൻ ഖുർആൻ പഠന പദ്ധതി

ഏഴാംഘട്ടം

ക്യാമ്പയിൻ 06

സൂറത്തുൽ അഹ്സാബ്

ആയത്ത് 37 മുതൽ 48 വരെ

2025 ആഗസ്റ്റ് 31 മുതൽ 2025 സെപ്തംബർ 14 വരെ

Google Play
Velicham Online

velichamsaudionline.com

സൗദി ഇന്ത്യൻ ഇസ്‌ലാഹി സെന്റർ

facebook.com/velichamsaudionline youtube.com/velichamsaudionline

وَإِذْ تَقُولُ لِلَّذِىٓ أَنْعَمَ ٱللَّهُ عَلَيْهِ وَأَنْعَمْتَ عَلَيْهِ أَمْسِكْ عَلَيْكَ زَوْجَكَ وَٱتَّقِ ٱللَّهَ وَتُخْفِى فِى نَفْسِكَ مَا ٱللَّهُ مُبْدِيهِ وَتَخْشَى ٱلنَّاسَ وَٱللَّهُ أَحَقُّ أَن تَخْشَىٰهُ ۖ

﴾37﴿ (നബിയേ) അല്ലാഹു അനുഗ്രഹം ചെയ്തുകൊടുത്തിട്ടുള്ള -നീയും അനുഗ്രഹം ചെയ്തുകൊടുത്തിട്ടുള്ള- വനോട് നീ പറഞ്ഞിരുന്ന സന്ദർഭം (ഓർക്കുക): 'നിന്റെ ഭാര്യയെ (വിവാഹമോചനം ചെയ്യാതെ) നിനക്ക് വേണ്ടി നീ വെച്ചു കൊണ്ടിരിക്കുക; അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുക' എന്ന്. അല്ലാഹു വെളിവാക്കുവാൻ പോകുന്ന കാര്യത്തെ നീ നിന്റെ മനസ്സിൽ മറച്ചുവെക്കുകയും ചെയ്തിരുന്നു. അല്ലാഹുവാണ് നീ പേടിക്കുവാൻ ഏറ്റവും അവകാശപ്പെട്ടവൻ എന്നിരിക്കെ, നീ ജനങ്ങളെ പേടിക്കുകയും ചെയ്തിരുന്നു.

فَلَمَّا قَضَىٰ زَيْدٌ مِّنْهَا وَطَرًا زَوَّجْنَٰكَهَا لِكَىْ لَا يَكُونَ عَلَى ٱلْمُؤْمِنِينَ حَرَجٌ فِىٓ أَزْوَٰجِ أَدْعِيَآئِهِمْ إِذَا قَضَوْا۟ مِنْهُنَّ وَطَرًا ۚ وَكَانَ أَمْرُ ٱللَّهِ مَفْعُولًا ﴿٣٧﴾

അങ്ങനെ, സൈദ് അവളിൽനിന്നും ആവശ്യം നിർവ്വഹിച്ചു [വിവാഹമോചനം നടത്തി] കഴിഞ്ഞപ്പോൾ അവളെ നിനക്ക് നാം ഭാര്യയാക്കിത്തന്നു. സത്യവിശ്വാസികളുടെമേൽ, തങ്ങളുടെ ദത്തുപുത്രൻമാരുടെ ഭാര്യമാരുടെ കാര്യത്തിൽ- അവർ അവരിൽനിന്നും ആവശ്യം നിർവ്വഹിച്ചുകഴിഞ്ഞാൽ- യാതൊരു വിഷമവും ഉണ്ടാകാതിരിക്കുവാൻ വേണ്ടിയത്രെ (അത്). അല്ലാഹുവിന്റെ കൽപന പ്രാവർത്തികമാക്കപ്പെടുന്നതാകുന്നു.

﴾37﴿ وَإِذْتَقُولُ നീ പറഞ്ഞിരുന്ന സന്ദർഭം لِلَّذِي യാതൊരുവനോട് أَنْعَمَ اللهُ അല്ലാഹു അനുഗ്രഹം ചെയ്തിരിക്കുന്നു عَلَيْهِ അവന്റെ മേൽ وَأَنْعَمْتَ عَلَيْهِ അവന് നീയും അനുഗ്രഹം ചെയ്തിരിക്കുന്നു أَمْسِكْ നീ വെച്ചുകൊണ്ടിരിക്കുക عَلَيْكَ നിനക്ക് زَوْجَكَ നിന്റെ ഭാര്യയെ وَاتَّقِ اللهَ നീ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുക وَتُخْفِي നീ മറച്ചുവെക്കുകയും ചെയ്യുന്നു فِي نَفْسِكَ നിന്റെ മനസ്സിൽ مَا യാതൊരു കാര്യം اللهُ مُبْدِيهِ അല്ലാഹു അതിനെ വെളിവാക്കുന്നവനാണ് وَتَخْشَى നീ പേടിക്കയും ചെയ്യുന്നു النَّاسَ മനുഷ്യരെ وَاللهُ أَحَقُّ അല്ലാഹുവത്രെ ഏറ്റവും അർഹൻ, അവകാശപ്പെട്ടവൻ أَنْ تَخْشَاهُ നീ അവനെ പേടിക്കുവാൻ فَلَمَّا قَضَى അങ്ങനെ നിർവ്വഹിച്ചപ്പോൾ, തീർത്തപ്പോൾ زَيْدٌ സൈദ് مِنْهَا അവളിൽ നിന്ന് وَطَرًا ആവശ്യം زَوَّجْنَاكَهَا അവളെ നിനക്ക് നാം ഭാര്യയാക്കി (വിവാഹം ചെയ്തു) തന്നു

لِكَيْ لَا يَكُونَ ഉണ്ടാകാതിരിക്കുവാൻ വേണ്ടി عَلَى الْمُؤْمِنِينَ സത്യവിശ്വാസികളുടെ മേൽ حَرَجٌ ഒരു വിഷമം (ഞെരുക്കം) فِي أَزْوَاجِ ഭാര്യമാരുടെ കാര്യത്തിൽ أَدْعِيَائِهِمْ തങ്ങളുടെ ദത്തുപുത്രൻമാരുടെ إِذَا قَضَوْا അവർ നിർവ്വഹിച്ചാൽ مِنْهُنَّ അവരിൽനിന്ന് وَطَرًا ആവശ്യം وَكَانَ ആകുന്നു, ആയിരിക്കുന്നു أَمْرُ اللَّهِ അല്ലാഹുവിന്റെ കൽപന, കാര്യം مَفْعُولًا പ്രാവർത്തികമാക്കപ്പെട്ടത് (നടപ്പാക്കപ്പെട്ടത്)

'അല്ലാഹുവും നീയും അനുഗ്രഹം ചെയ്തുകൊടുത്തവൻ' എന്ന് പറഞ്ഞത് സൈദുബ്നു ഹാരിഥഃ (റ)യെക്കുറിച്ചാകുന്നു. ഇസ്‌ലാമിലേക്ക് മാർഗദർശനം നൽകുകപോലെയുള്ള കണക്കറ്റ അനുഗ്രഹങ്ങൾ അല്ലാഹു അദ്ദേഹത്തിന് ചെയ്തുകൊടുത്തിട്ടുണ്ടല്ലോ. നബി ﷺ യാണെങ്കിൽ, അദ്ദേഹത്തെ വാൽസല്യപൂർവ്വം വളർത്തുകയും, അടിമത്തത്തിൽ നിന്ന് മോചിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ പുത്രനായ ഉസാമഃ (റ)യെയും തിരുമേനി വളരെയധികം സ്നേഹിച്ചിരുന്നു. 'റസൂലിന്റെ പ്രിയങ്കരൻ' എന്ന അർത്ഥത്തിൽ രണ്ടുപേരെക്കുറിച്ച് 'ഹിബ്ബ് റസൂലില്ലാഹി' (حبّ رسول الله) എന്നുപോലും പറയപ്പെട്ടിരുന്നു.

സൈദ് (റ) തന്റെ ഭാര്യയുമായി യോജിച്ചു പോകുകയില്ലെന്ന് കണ്ടപ്പോൾ അവരെ വിവാഹമോചനം (طلاق) നടത്തുന്നതിനെപ്പറ്റി തിരുമേനിയോട് ആലോചിച്ചു. ഇരുഭാഗത്തെയും ഗുണകാംക്ഷിയാണല്ലോ നബി ﷺ. അപ്പോഴായിരുന്നു അദ്ദേഹത്തോട് നബി ﷺ ഭാര്യയെ വെച്ചുകൊള്ളുവാനും, അല്ലാഹുവിനെ സൂക്ഷിക്കുവാനും പറഞ്ഞത്. ഈ വിവാഹം അധികം നീണ്ടുപോകുകയില്ലെന്നും, സൈദ് (റ) ഭാര്യയെ വേർപ്പെടുത്തുക തന്നെ ചെയ്യുമെന്നും, സൈനബ് (റ) യെ തിരുമേനി വിവാഹം ചെയ്യാനിരിക്കുന്നുവെന്നും തിരുമേനിക്ക് അറിവ് ലഭിച്ചിട്ടുണ്ടായിരുന്നു. പക്ഷേ, നടക്കുവാനിരിക്കുന്ന ആ വിഷയത്തെക്കുറിച്ച് സൈദ് (റ)നോട് തിരുമേനി ഒന്നും പ്രസ്താവിച്ചില്ല. ഭാര്യയെ വിവാഹമോചനം നടത്താതിരിക്കുവാൻ സാധാരണമട്ടിൽ ഉപദേശിക്കുകയാണ് ചെയ്തത്. ജനസംസാരത്തിന് ഇടയാകരുതെന്നും, അല്ലാഹു ഉദ്ദേശിച്ച കാര്യം അവൻ ഉദ്ദേശിക്കുമ്പോൾ അവൻ നടപ്പിലാക്കിക്കൊള്ളുമെന്നും തിരുമേനി കരുതി. ഇതിനെ സൂചിപ്പിച്ചുകൊണ്ടാണ് 'അല്ലാഹു വെളിവാക്കുവാൻപോകുന്ന കാര്യം നീ നിന്റെ മനസ്സിൽ മറച്ചുവെക്കുകയും ചെയ്തിരുന്നു.' (وتخفى فى نفسك ما الله مبديه) എന്ന് പറഞ്ഞത്. യഥാർത്ഥവും സത്യവും തുറന്നു പറയുന്നതിൽ ആരെയും ശങ്കിക്കേണ്ടതില്ല. അതിൽ ജനസംസാരം ഭയപ്പെടേണ്ടതില്ല. അത് തുറന്നു പറയാതിരിക്കുന്നതിൽ അല്ലാഹുവിനെ ഭയപ്പെടുകയാണ് വേണ്ടത് എന്ന് നബി ﷺയെ ഓർമിപ്പിക്കുകയും ചെയ്യുന്നു.

'സൈദ് അവളിൽനിന്നും ആവശ്യം നിർവ്വഹിച്ചുകഴിഞ്ഞു' (قضى زيد منها وطرا) എന്ന്പറഞ്ഞതിന്റെ വിവക്ഷ ഭാര്യയുമായി യോജിച്ചുപോകുകയില്ലെന്ന് കണ്ടു അവരെ വിവാഹമോചനം ചെയ്തു എന്നത്രെ. ഇത് അറബിഭാഷയിലെ ഒരു പ്രത്യേക പ്രയോഗമാണ്. സൈനബ് (റ)യെ വിവാഹമോചനം നടത്തുകയല്ലാതെ നിവൃത്തിയില്ലെന്ന് സൈദ് (റ)ന് ബോധ്യം വരുകയും, അദ്ദേഹം വിവാഹമോചനം ചെയ്യുകയും ചെയ്തു. അനന്തരം ഇദ്ദ കാലം കഴിഞ്ഞപ്പോൾ അല്ലാഹുവിന്റെ നിർദ്ദേശമനുസരിച്ച് നബി ﷺ അവരെ വിവാഹം കഴിക്കയും ഉണ്ടായി. ഈ വിവാഹം നബി ﷺയുടെ ആഗ്രഹമോ ആവശ്യമോ അനുസരിച്ച് ഉത്ഭവിച്ചതായിരുന്നില്ല. പോറ്റുമക്കൾക്ക് യഥാർത്ഥ മക്കളുടെ സ്ഥാനം കൽപ്പിക്കുന്നതിനാൽ അവരുടെ ഭാര്യമാരാകുന്ന സ്ത്രീകളെ ഒരിക്കലും പോറ്റുപിതാക്കൾക്ക് വിവാഹം ചെയ്യാൻ പാടില്ലെന്നാണ് ജാഹിലിയ്യാ നിയമം. ഈ സമ്പ്രദായം തുടച്ചുനീക്കി തൽസ്ഥാനത്ത് ഇസ്‌ലാമിക നിയമം പ്രാവർത്തികമാക്കിക്കാണിക്കുവാൻ വേണ്ടി അല്ലാഹുവിന്റെ കൽപന പ്രകാരം നബി

ﷺ ചെയ്തതായിരുന്നു ആ വിവാഹം. അതുകൊണ്ടാണ് സൈദ് അവളിൽനിന്ന് ആവശ്യം നിറവേറ്റിക്കഴിഞ്ഞപ്പോൾ അവളെ നാം നിനക്ക് ഭാര്യയാക്കിത്തന്നു (فلما قضى زيد منها وطرا زوجناكها) എന്ന് അല്ലാഹു പറഞ്ഞത്. ഈ പരമാർത്ഥം തുടർന്നുള്ള ആയത്തുകളിൽനിന്ന് കൂടുതൽ സ്പഷ്ടമായി മനസ്സിലാക്കാം. ആഇശാ (റ) പ്രസ്താവിച്ചതായി ഇമാം മുസ്‌ലിം, തിർമദീ (റ) മുതലായവർ നിവേദനം ചെയ്യുന്നു: 'മുഹമ്മദ് നബി അല്ലാഹുവിന്റെ കിതാബിൽനിന്ന് വല്ലതും -ജനങ്ങളെ അറിയിക്കാതെ- മറച്ചുവെക്കുമായിരുന്നുവെങ്കിൽ ഈ (37-ാം) ആയത്ത് മറച്ചുവെക്കേണ്ടതായിരുന്നു.' (*) 53 -ാം വചനത്തിൽ വരുന്നതുപോലെ, കാര്യം തുറന്നു പറയാൻ അല്ലാഹു നാണിക്കുകയില്ലല്ലോ.

സൈദ് (റ)ന്റെ പേർ ഖുർആനിൽ എടുത്തുപറഞ്ഞതും, അല്ലാഹുവും റസൂലും അനുഗ്രഹം ചെയ്തുകൊടുത്തവൻ എന്ന് അദ്ദേഹത്തെ വിശേഷിപ്പിച്ചതും, ഖുർആൻ നിലനിൽക്കുന്ന കാലത്തെല്ലാം അദ്ദേഹത്തിന്റെ കീർത്തി പരത്തുന്ന ഒരു മഹാഭാഗ്യമത്രെ. സൈനബ് (റ)യാകട്ടെ, തിരുമേനിയുടെ വിവാഹത്തോടുകൂടി സത്യവിശ്വാസികളുടെ മാതാക്കളിൽ ഒരാളായിത്തീരുകയും ചെയ്തു. അവർ അഭിമാനപൂർവ്വം നബി ﷺയുടെ ഭാര്യമാരോട് ഇങ്ങനെ പറഞ്ഞിരുന്നതായി ഹദീഥിൽ വന്നിട്ടുണ്ട്: 'നിങ്ങളെ നിങ്ങളുടെ വീട്ടുകാർ വിവാഹം ചെയ്യിച്ച് കൊടുത്തതാണ്. എന്നെ ഏഴ് ആകാശങ്ങൾക്ക് മീതെ നിന്ന് അല്ലാഹു വിവാഹം ചെയ്യിച്ചു കൊടുത്തതാണ്.' (ബുഖാരി.)

'നിന്റെ ഭാര്യയെ വെച്ചുകൊണ്ടിരിക്കുക, അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുക' എന്നീ വാക്യങ്ങൾ (أمسك عليك زوجك واتق الله) നബി ﷺ സൈദ് (റ)നോട് പറഞ്ഞതാണ്. തുടർന്നുള്ള രണ്ട് വാക്യങ്ങൾ- 'അല്ലാഹു വെളിവാക്കാൻപോകുന്ന കാര്യം നീ മനസ്സിൽ മറച്ചുവെക്കുന്നു' എന്നും, 'പേടിക്കുവാൻ കൂടുതൽ അവകാശപ്പെട്ടവൻ അല്ലാഹുവാണെന്നിരിക്കെ നീ ജനങ്ങളെ പേടിക്കുന്നു' എന്നും അല്ലാഹു നബി ﷺയോട് പറഞ്ഞതുമാകുന്നു. 'വെളിവാക്കുവാൻ പോകുന്ന കാര്യം' എന്ന് പറഞ്ഞതുകൊണ്ടുദ്ദേശ്യം, സൈനബ് (റ)യെ സൈദ് (റ) വിവാഹമോചനം ചെയ്യാൻ പോകുന്നതും, പിന്നീട് നബി ﷺ സൈനബ് (റ)യെ വിവാഹം ചെയ്യുമെന്നുമുള്ളതാണ്.

വേറെ ഒന്നുരണ്ട് അഭിപ്രായങ്ങളും ഇവിടെ സ്ഥലം പിടിച്ചുകാണാം. നബി ﷺ ഒരിക്കൽ സൈനബ്(റ)യെ കണ്ടുവെന്നും, അവരുടെ സൗന്ദര്യത്തിൽ തിരുമേനി ആകൃഷ്ടനായെന്നും, അങ്ങനെ അവരെ വിവാഹം ചെയ്തുകിട്ടുവാൻ തിരുമേനിക്ക് ആഗ്രഹം തോന്നിയെന്നും, ഇതിനെ ഉദ്ദേശിച്ചാണ് 'അല്ലാഹു വെളിവാക്കാൻപോകുന്ന കാര്യം മറച്ചുവെക്കുന്നു'വെന്ന് പറഞ്ഞതെന്നും ചില വ്യാഖ്യാതാക്കൾ പ്രസ്താവിച്ചിട്ടുണ്ട്. നബി തിരുമേനി ﷺയുടെ ഉൽകൃഷ്ട പദവിക്കും സ്വഭാവത്തിനും ഒട്ടും നിരക്കാത്തതും, ഇസ്‌ലാമിന്റെ വൈരികളിൽനിന്ന് രൂപം പൂണ്ടതുമായ ഈ പ്രസ്താവനയെ മഹാൻമാരായ പല പണ്ഡിതൻമാരും തക്ക തെളിവുകൾ സഹിതം ശക്തിയുക്തം ഖണ്ഡിച്ചുകഴിഞ്ഞതാണ്. ഈ പഴഞ്ചൻ പ്രസ്താവനയെ വിമർശിക്കാൻ മുതിർന്ന ചിലർ, അതിനെക്കാൾ വമ്പിച്ച അബദ്ധത്തിൽ പതിക്കുകയും ചെയ്തിരിക്കുന്നു. വിമർശനത്തിന് ഇവർ കണ്ടുപിടിച്ച പുതിയ സൂത്രമാണതിന് കാരണം. 'നീ നിന്റെ ഭാര്യയെ വെച്ചുകൊണ്ടിരിക്കുക'. (أمسك عليك زوجك) എന്ന് തുടങ്ങി 'പേടിക്കുവാൻ ഏറ്റവും അവകാശപ്പെട്ടവൻ അല്ലാഹുവാണ്' (والله أحق أن تخشاه) എന്നത്‌വരെയുള്ള എല്ലാ വാക്യങ്ങളും നബി ﷺ സൈദ് (റ)നോട് പറഞ്ഞതായിട്ടാണ് ഇവർ അഭിപ്രായപ്പെടുന്നത്. 'അല്ലാഹു വെളിവാക്കാൻ പോകുന്ന കാര്യമെന്നും, 'നീ മനസ്സിൽ മറച്ചുവെക്കുന്നു'വെന്നും പറഞ്ഞതിന് ഇവർ നൽകുന്ന വ്യാഖ്യാനം ഇതാകുന്നു: 'സൈനബ് (റ)യുമായി യോജിച്ചുപോകയില്ലെന്ന് സൈദ് (റ)ന് ബോധ്യപ്പെട്ടിട്ടുണ്ട്; നബി

(*) كما في الفتح وابن جرير

ﷺയുടെ നിർദ്ദേശപ്രകാരം നടത്തപ്പെട്ടിട്ടുള്ള ആ വിവാഹം അവസാനിപ്പിക്കുന്നത് നബി ﷺക്ക് മനോവേദനയുണ്ടാക്കും; എങ്ങനെയെങ്കിലും ഭാര്യയെ പ്രീതിപ്പെടുത്തുവാൻ ശ്രമിക്കുന്നപക്ഷം പാവത്തിനൊരു കുലീനയെ കിട്ടിയപ്പോഴേക്ക് അവളെ പൂജിക്കുകയാണെന്നും മറ്റും ജനങ്ങൾ കളിയാക്കുകയും ചെയ്യും; എന്നിങ്ങനെയുള്ള ധർമസങ്കടത്തിലാണ് സൈദ് (റ)'.

കേൾക്കുമ്പോൾ തന്നെ ബാലിശമെന്ന് തോന്നത്തക്ക ഈ അഭിപ്രായം, കേവലം അബദ്ധമത്രെ. 1-ാമതായി ശാസനാരൂപത്തിലുള്ള ക്രിയകളും, വാർത്താരൂപത്തിലുള്ള ക്രിയകളും തമ്മിൽ കൂട്ടിച്ചേർത്തു (**عطف** ചെയ്ത്) പറയുവാൻ പാടില്ലെന്നുള്ളത് അറബിസാഹിത്യശാസ്ത്രത്തി (**علم المعانى**)ലെ ഒരു അംഗീകൃത തത്വമാകുന്നു. അപ്പോൾ, **أمسك** (നീ വെച്ചുകൊണ്ടിരിക്കുക) എന്ന ക്രിയയോട് കൂട്ടിച്ചേർത്തുകൊണ്ട് **واتق** (നീ സൂക്ഷിക്കുകയും ചെയ്യുക) എന്ന് പറഞ്ഞതുപോലെ **وتخفى** (നീ മറച്ചുവെക്കുകയും ചെയ്യുന്നു) എന്നും, **وتخشى** (നീ പേടിക്കുകയും ചെയ്യുന്നു) എന്നുമുള്ള ക്രിയകൾ അതിനോടു കൂടിച്ചേർന്നതാണെന്ന് വെക്കുവാൻ നിവൃത്തിയില്ല. 2-ാമതായി: ഈ വാദം ഹദീഥുകൾക്കും വിരുദ്ധമാകുന്നു. ഇമാം ബുഖാരി (റ) 'കിതാബു ത്തൗഹീദി'ൽ ഉദ്ധരിച്ച രണ്ട് രിവായത്തുകളിൽ ഒന്നിന്റെ വാചകം നോക്കുക: **جاء زيدبن حارثة يشكو فجعل النبى ﷺ يقول أتق الله وأمسك عليك زوجك** (സൈദുബ്നു ഹാരിഥഃ സങ്കടപ്പെട്ടുകൊണ്ട് നബി ﷺയുടെ അടുക്കൽ വന്നു. അപ്പോൾ തിരുമേനി പറയുകയായി: 'നീ അല്ലാഹുവിനെ സൂക്ഷിക്കുക; നിന്റെ ഭാര്യയെ വെച്ചുകൊണ്ടിരിക്കുകയും ചെയ്യുക') നബി ﷺയുടെ വാചകത്തിൽ വേറെ വാക്കുകളൊന്നും ഈ രിവായത്തിൽ ഇല്ലാത്ത സ്ഥിതിക്ക് ആയത്തിലെ തുടർന്നുള്ള വാക്യങ്ങൾ നബി ﷺ സൈദ് (റ)നോട് പറഞ്ഞതല്ലെന്ന് മനസ്സിലാക്കാം. രണ്ടാമത്തെ രിവായത്തിലെ വാചകം ഇതാണ്: **وتخفى فى نفسك ماالله مبديه وتخشى الناس نزلت فى شأن زينب وزيد بن حارثة** ('അല്ലാഹു വെളിവാക്കുവാൻ പോകുന്നകാര്യം നീ നിന്റെ മനസ്സിൽ ഒളിച്ചുവെക്കുകയും, നീ ജനങ്ങളെ പേടിക്കുകയും ചെയ്യുന്നു'വെന്നുള്ളത് സൈനബയുടെയും, സൈദുബ്നുഹാരിഥഃയുടെയും വിഷയത്തിൽ അവതരിച്ചതാണ്) ഈ രണ്ട് വാക്യങ്ങളും നബി ﷺ പറഞ്ഞതല്ലെന്നും, നബി ﷺയോട് അല്ലാഹു പറഞ്ഞതാണെന്നുമാണ് ഈ രണ്ട് രിവായത്തും മനസ്സിലാക്കിത്തരുന്നത്. എനി, കൂടുതൽ തെളിവുകൾ പരിശോധിക്കേണ്ടതില്ലല്ലോ.

ഈ സൂറത്തിലെ വ്യാഖ്യാനത്തിൽ **باب قوله وتخفى فى نفسك – إلى أحق ان تخشاه** എന്ന ഒരു ശീർഷകം തന്നെ ബുഖാരിയിലുണ്ട്. നാം രണ്ടാമതായി ഉദ്ധരിച്ച അതേ രിവായത്ത് തന്നെ ഇവിടെയും അദ്ദേഹം ഉദ്ധരിച്ചിരിക്കുന്നു. ഈ ശീർഷകത്തിന്റെ വിശദീകരണവേളയിൽ, നാം മേൽ പ്രസ്താവിച്ച വസ്തുതകൾക്ക് നിദാനമായ പല രിവായത്തുകളും ഉദ്ധരിച്ചശേഷം ഇമാം അസ്ക്വലാനീ (റ)തന്റെ 'ഫത്ത്ഹുൽബാരി'യിൽ പറയുകയാണ്: 'വേറെയും പലതും ഈ വിഷയത്തിൽ വന്നിട്ടുണ്ട്; പല മുഫസ്സിറുകളും അവയെ ഉദ്ധരിച്ചിട്ടുമുണ്ട്. അതിൽ സമയം ചില വഴിക്കുന്നത് ശരിയല്ല. ഞാൻ ഉദ്ധരിച്ചതാണ് സ്വീകാര്യയോഗ്യമായത്. അതിന്റെ ആകെസാരം ഇതാകുന്നു: സൈനബ് പിന്നീട് തന്റെ ഭാര്യയാകുവാൻ പോകുന്നുണ്ടെന്ന് അല്ലാഹു നബി ﷺക്ക് അറിയിച്ചുകൊടുത്തിരുന്നതിനെയാണ് അവിടുന്ന് മറച്ചുവെച്ചിരുന്നത് (*). ഇത് മറച്ചുവെക്കുവാൻ കാരണം, മകന്റെ ഭാര്യയെ വിവാഹംകഴിച്ചുവെന്നുള്ള ജനസംസാരത്തെ ഭയന്നതായിരുന്നു. അല്ലാഹുവാകട്ടെ, 'ജാഹിലിയ്യത്തി'ന്റെ ദത്തുപുത്രനിയമങ്ങളെ തീരെഎടുത്തുകളയുവാൻ ഉദ്ദേശിക്കയും ചെയ്തു.

(*) മറിച്ച് ചിലർ പ്രസ്താവിക്കുന്നത്പോലെ, അവരെ വിവാഹം കഴിച്ചാൽ കൊള്ളാമെന്ന ആഗ്രഹമല്ല എന്ന് താൽപര്യം.

മുസ്‌ലിംകളില്‍ അത് കൂടുതല്‍ സ്വീകാര്യമായിത്തീരുവാന്‍വേണ്ടി, അവരുടെ നേതാവുമുഖാന്തരം തന്നെ അത് സംഭവിക്കുകയും ചെയ്തു.' (راجع فتح البارى ج ٨ ص ٤٢٥) പോറ്റു പുത്രന്‍മാര്‍ തങ്ങളുടെ ഭാര്യമാരെ വിവാഹമോചനം ചെയ്താല്‍ പിന്നീട് ആ സ്ത്രീകളെ വിവാഹം ചെയ്യുന്നതിന് ഇസ്‌ലാമില്‍ യാതൊരു വിരോധവുമില്ലെന്ന് പ്രയോഗത്തില്‍ കാണിച്ചുകൊടുക്കലാണ്, നബി ﷺക്ക് സൈനബ്(റ)യെ വിവാഹം ചെയ്തുകൊടുത്തതിലുള്ള യുക്തിയെന്ന് ഈ ആയത്തില്‍ അല്ലാഹു വ്യക്തമാക്കി. അടുത്ത ആയത്തില്‍ വീണ്ടും പറയുന്നത് നോക്കുക:

مَّا كَانَ عَلَى ٱلنَّبِيِّ مِنْ حَرَجٍ فِيمَا فَرَضَ ٱللَّهُ لَهُۥ ۖ سُنَّةَ ٱللَّهِ فِى ٱلَّذِينَ خَلَوْا۟ مِن قَبْلُ ۚ وَكَانَ أَمْرُ ٱللَّهِ قَدَرًا مَّقْدُورًا ﴿٣٨﴾

ٱلَّذِينَ يُبَلِّغُونَ رِسَـٰلَـٰتِ ٱللَّهِ وَيَخْشَوْنَهُۥ وَلَا يَخْشَوْنَ أَحَدًا إِلَّا ٱللَّهَ ۗ وَكَفَىٰ بِٱللَّهِ حَسِيبًا ﴿٣٩﴾

《38》 അല്ലാഹു നബിക്ക് നിശ്ചയിച്ചു (നിയമിച്ചു) കൊടുത്തതില്‍, അദ്ദേഹത്തിന്റെമേല്‍ യാതൊരു വിഷമവും ഉണ്ടാകുവാനില്ല; -മുന്‍കഴിഞ്ഞുപോയിട്ടുള്ളവരില്‍ (നടപ്പാക്കപ്പെട്ടിരുന്ന) അല്ലാഹുവിന്റെ നടപടിക്രമം തന്നെ. അല്ലാഹുവിന്റെ കല്‍പന വ്യവസ്ഥാപിതമായ ഒരു (ഖണ്ഡിത) വ്യവസ്ഥയാകുന്നു.

《39》 അതായത്: അല്ലാഹുവിന്റെ ദൗത്യങ്ങളെ എത്തിച്ചു [പ്രബോധനം ചെയ്തു] കൊടുക്കുകയും, അവനെ പേടിക്കുകയും, അല്ലാഹുവിനെയല്ലാതെ ഒരാളെയും പേടിക്കാതിരിക്കുകയും ചെയ്തിരുന്നവര്‍! [അവരില്‍ നടപ്പാക്കപ്പെട്ട നടപടി തന്നെ നബിയിലും നടപ്പാക്കിയിരിക്കയാണ്].

വിചാരണ നടത്തുന്നവനായി അല്ലാഹുതന്നെ മതി!

《38》 مَاكَانَ ഉണ്ടായിട്ടില്ല, ഇല്ല, ഉണ്ടാകാനില്ല عَلَى النَّبِيِّ നബിയുടെമേല്‍ مِنْ حَرَجٍ ഒരു വിഷമവും, തെറ്റും فِيمَا فَرَضَ اللهُ അല്ലാഹു നിയമിച്ചതില്‍, നിശ്ചയിച്ചതില്‍ لَهُ അദ്ദേഹത്തിന് سُنَّةَ اللهِ അല്ലാഹുവിന്റെ നടപടി, ചട്ടം, മാര്‍ഗം فِي الَّذِينَ خَلَوْا മുന്‍കഴിഞ്ഞുപോയവരില്‍ مِنْ قَبْلُ മുമ്പ് وَكَانَ ആകുന്നു, ആയിരിക്കുന്നു أَمْرُ اللهِ അല്ലാഹുവിന്റെ കല്‍പന, കാര്യം قَدَرًا നിര്‍ണ്ണയം, വ്യവസ്ഥ مَقْدُورًا നിര്‍ണയം ചെയ്യപ്പെട്ട, വ്യവസ്ഥ ചെയ്യപ്പെട്ട (ഖണ്ഡിതമായ) 《39》 الَّذِينَ يُبَلِّغُونَ എത്തിച്ചുകൊടുക്കുന്ന (പ്രബോധനം ചെയ്യുന്ന)വര്‍ رِسَالاتِ اللهِ അല്ലാഹുവിന്റെ ദൗത്യങ്ങളെ وَيَخْشَوْنَهُ അവര്‍ അവനെ പേടിക്കുകയും ചെയ്യുന്നു وَلَا يَخْشَوْنَ അവര്‍ പേടിക്കുന്നുമില്ല أَحَدًا ഒരാളെയും إِلَّا اللهَ അല്ലാഹുവിനെയല്ലാതെ وَكَفَى മതി بِاللهِ അല്ലാഹു (തന്നെ) حَسِيبًا വിചാരണക്കാരന്‍

സൈനബ് (റ)യുടെ വിവാഹവിഷയത്തിൽ നബി ﷺയെ സംബന്ധിച്ച് യാതൊരു ആക്ഷേപവും അരോപണവുമില്ല; അല്ലാഹു നിയമിച്ചുകൊടുത്തത് നടപ്പിൽ വരുത്തുക മാത്രമേ അദ്ദേഹം ചെയ്തിട്ടുള്ളൂ; ഇത്തരം കാര്യങ്ങളിൽ അല്ലാഹുവിന്റെ പ്രവാചകൻമാർ മുഖേന ജനങ്ങൾക്ക് മാതൃക കാട്ടുക എന്നത് അല്ലാഹുവിന്റെ മുമ്പേയുള്ള നടപടിയാണ്. അവന്റെ കൽപനാനിർദേശങ്ങൾ നടപ്പിൽ വരുത്തുന്നത് അവരുടെ ചുമതലയാണ്; അതിൽ അല്ലാഹുവിനെയല്ലാതെ മറ്റൊരാളെയും അവർ ഭയപ്പെടുന്നതുമല്ല; അവിശ്വാസികളും വക്ര ബുദ്ധികളും എന്തുതന്നെ പറഞ്ഞാലും അത് വിലവെക്കേണ്ടതില്ല; അതിനെപ്പറ്റി വിചാരണ ചെയ്തു നടപടി എടുക്കുവാൻ അല്ലാഹു മാത്രം മതി; അതവൻ നടത്തിക്കൊള്ളും എന്നൊക്കെയാണ് അല്ലാഹു ഈ വചനത്തിൽ ചൂണ്ടിക്കാട്ടുന്നത്. 'മുഹമ്മദ് അവന്റെ മകന്റെ ഭാര്യയെ വിവാഹം കഴിച്ചു' എന്ന് ആക്ഷേപിക്കുന്നവരെ അല്ലാഹു ഒരു യാഥാർത്ഥ്യം -മൗലിക പ്രധാനമായ ഒരു സിദ്ധാന്തം -ഓർമിപ്പിക്കുന്നു:-

مَّا كَانَ مُحَمَّدٌ أَبَآ أَحَدٍ مِّن رِّجَالِكُمْ وَلَٰكِن رَّسُولَ ٱللَّهِ وَخَاتَمَ ٱلنَّبِيِّـۧنَ ۗ وَكَانَ ٱللَّهُ بِكُلِّ شَىْءٍ عَلِيمًا ﴿٤٠﴾

﴾40﴿ മുഹമ്മദ് നിങ്ങളുടെ പുരുഷൻമാരിൽ ഒരാളുടെയും പിതാവായിട്ടില്ല; എങ്കിലും, (അദ്ദേഹം) അല്ലാഹുവിന്റെ റസൂലും, നബിമാരിൽ അവസാനത്തെവനുമാകുന്നു. അല്ലാഹു എല്ലാ വസ്തുവെക്കുറിച്ചും അറിയുന്നവനാകുന്നു.

﴾40﴿ مَا كَانَ അല്ല, ആയിട്ടില്ല مُحَمَّدٌ മുഹമ്മദ് أَبَا أَحَدٍ ഒരാളുടെയും പിതാവ്, ബാപ്പ مِنْ رِجَالِكُمْ നിങ്ങളുടെ പുരുഷൻമാരിൽപെട്ട وَلَٰكِنْ എങ്കിലും, പക്ഷേ رَسُولَ اللَّهِ അല്ലാഹുവിന്റെ റസൂലത്രെ وَخَاتَمَ النَّبِيِّينَ നബിമാരിൽ അവസാനത്തവനും, അന്ത്യപ്രവാചകനും وَكَانَ اللَّهُ അല്ലാഹു ആകുന്നു بِكُلِّ شَيْءٍ എല്ലാ വസ്തുവെ (കാര്യത്തെ)പ്പറ്റിയും عَلِيمًا അറിയുന്നവൻ

മുഹമ്മദ് നിങ്ങളിൽ ആരുടെയും പിതാവല്ല. എന്നിരിക്കെ, അദ്ദേഹം എങ്ങനെയാണ് സൈദിന്റെ പിതാവാകുന്നതും, സൈദ് അദ്ദേഹത്തിന്റെ പുത്രനാകുന്നതും?! അപ്പോൾ പുത്രൻ വിവാഹം കഴിച്ചവളെ പിതാവ് വിവാഹം ചെയ്തുവെന്ന വാദം തികച്ചും നിരർത്ഥമാകുന്നു. യഥാർത്ഥ പുത്രനല്ലെങ്കിലും പോറ്റുപുത്രനായ സ്ഥിതിക്ക് ഈ വിവാഹം ആക്ഷേപാർഹമാണെന്നാണ് വാദമെങ്കിൽ അതിനും പ്രസക്തിയില്ല. കാരണം, അദ്ദേഹം അല്ലാഹുവിന്റെ റസൂലാണ്. അവന്റെ നിയമവ്യവസ്ഥകൾ പ്രബോധനം ചെയ്യാനും, നടപ്പിൽ വരുത്തി മാതൃക കാണിക്കുവാനും ബാദ്ധ്യസ്ഥനാണദ്ദേഹം. നിങ്ങളുടെ ഈ ദുഷിച്ച മാമൂൽ നടപടിക്ക് അറുതിവരുത്തി അല്ലാഹുവിന്റെ നിയമം പ്രായോഗികരംഗത്ത് വരുത്തുകയാണ് അദ്ദേഹം ചെയ്തത്. എനി ഒരു നബിയോ, റസൂലോ വരുവാനുണ്ടായിരുന്നുവെങ്കിൽ, അവർ മുഖാന്തരം ഇത് നടപ്പിലാക്കാമെന്ന് വെക്കാമായിരുന്നു. പക്ഷേ, എനി റസൂലോ നബിയോ വരുവാനുമില്ല. മുഹമ്മദ് നബി ﷺ അന്ത്യപ്രവാചകനാണ്. പ്രവാചകത്വശ്രൃംഖല അദ്ദേഹത്തോടുകൂടി അവസാനിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഭൂത- വർത്തമാന- ഭാവി വ്യത്യാസമില്ലാതെ, സകല കാര്യങ്ങളും അറിയുന്ന സർവ്വജ്ഞനാണല്ലോ അല്ലാഹു. അതുകൊണ്ട് അവന്റെ ആജ്ഞാനിർദ്ദേശങ്ങളെക്കുറിച്ച് ചോദ്യംചെയ്യാൻ അൽപജ്ഞനായ മനുഷ്യന് ഒട്ടും അർഹതയില്ല. അല്ലാഹുവിന്റെ ആജ്ഞാനിർദ്ദേശങ്ങൾ അപ്പടി ചോദ്യം ചെയ്യാതെ അനുസരിക്കുവാനേ അവന് അവകാശമുള്ളൂ. അത് അവന്റെ കടമയാകുന്നു. ഇതാണ് ഈ ആയത്തിലടങ്ങിയ ആശയങ്ങളുടെ രത്നച്ചുരുക്കം.

'നുബുവ്വത്ത്' (പ്രവാചകത്വം) സിദ്ധിച്ചവരെല്ലാം റസൂലായിക്കൊള്ളണമെന്നില്ല. 'രിസാലത്താ'കുന്ന ദിവ്യ ദൗത്യം കൂടി ലഭിച്ചവർക്കാണ് റസൂൽ എന്ന് പറയുന്നത്. അപ്പോൾ മുഹമ്മദ് നബി തിരുമേനി ﷺ നബിമാരിൽ അവസാനത്തെആളാണ് എന്ന് പറയുമ്പോൾ, അവിടുത്തേക്ക് ശേഷം നബിയുമില്ല, റസൂലുമില്ല എന്ന് വ്യക്തമാണ്.

('ഖാതമുന്നബിയ്യീൻ') എന്നും, ('ഖാതിമുന്നബിയ്യീൻ') എന്നും ഇവിടെ വായനയുണ്ട്. ക്വുർആൻ വായനക്കാരായ പണ്ഡിതനേതാക്കളിൽ മിക്കവരും 'ഖാതിം' എന്നാണ് വായിച്ചിട്ടുള്ളത്. രണ്ടായാലും 'നബിമാരിൽ അവസാനത്തെവൻ' -അഥവാ അന്ത്യപ്രവാചകൻ- എന്നുതന്നെയാണ് അതിന്റെ അർത്ഥം. ഇതിന്റെ ക്രിയാരൂപമായ 'ഖത്തമ' എന്ന വാക്ക് 'അവസാനിപ്പിച്ചു' എന്നും 'മുദ്രവെച്ചു' -അഥവാ 'സീൽവെച്ചു' -എന്നുമുള്ള അർത്ഥങ്ങളിൽ ഉപയോഗിക്കപ്പെടാറുണ്ട്. ഇതനുസരിച്ച് 'ഖാതമ്' എന്ന പദത്തിന് 'മുദ്ര' -അഥവാ 'സീൽ' എന്നും അർത്ഥം വരും. 'ഖാതമുന്നബിയ്യീൻ' എന്ന വാക്കിന് 'നബിമാരുടെ മുദ്ര എന്ന് വിവർത്തനം ചെയ്യാമെങ്കിൽതന്നെ, അതിന്റെ വിവക്ഷ 'നബിമാരിൽ അവസാനത്തെ ആൾ' എന്ന് മാത്രമാകുന്നു. ഏതെങ്കിലും ഒന്നിൽ സീൽവെച്ച് എന്ന് പറഞ്ഞാൽ അതിൽ എനി ഒന്നും ഏറ്റുവാനോ, കുറക്കുവാനോ നിവൃത്തിയില്ലാതാക്കി എന്നാണ് ഉദ്ദേശ്യം.

خاتم എന്ന പദത്തിന്റെ 'സീൽ- അല്ലെങ്കിൽ- മുദ്ര' എന്ന അർത്ഥത്തെ ചൂഷണം ചെയ്തും, ദുർവ്യാഖ്യാനം ചെയ്തും വരുന്ന ഒരു കക്ഷി അടുത്ത കാലത്ത് നമ്മുടെ നാടുകളിൽ ഉണ്ടായിട്ടുണ്ട്. 'ഖാദിയാനികൾ' എന്നപേരിൽ അറിയപ്പെടുന്ന 'അഹ്മദിയ്യാ' സമുദായക്കാരാണിത്. മുഹമ്മദ് നബി തിരുമേനി ﷺ അന്ത്യപ്രവാചകനാണെന്ന് സമ്മതിച്ചാൽ, അവരുടെ നേതാവും നബിത്വവാദിയുമായ മീർസാഗുലാം അഹ്മദ് ഖാദിയാനിക്ക് നബിത്വം കല്പിക്കുവാൻ നിർവ്വാഹമില്ലല്ലോ; ഇതാണിതിന് കാരണം. ആകയാൽ, النبيين خاتم എന്ന വാക്കിന് 'നബിമാരുടെ സീൽ' എന്ന് വാക്കർത്ഥം കൊടുക്കുകയും, നബിമാരിൽവെച്ച് ശ്രേഷ്ഠൻ എന്ന് അതിന് വിവക്ഷ നൽകുകയുമാണ് ഇവരുടെ പതിവ്. ക്വുർആനിൽ നിന്നോ, ഹദീഥിൽ നിന്നോ, പ്രധാന അറബി നിഘണ്ടുക്കളിൽനിന്നോ ഇവർക്ക് തെളിവുകൾ ഉദ്ധരിക്കാനല്ല. എല്ലാം നേരെമറിച്ചാണുള്ളത്. അതുകൊണ്ട് ഏതെങ്കിലും അറബി ഗ്രന്ഥങ്ങളിലോ മറ്റോ തങ്ങളുടെ വാദത്തിന് അനുകൂലമാക്കി ചിത്രീകരിക്കുവാൻ സാധിച്ചേക്കുന്ന വല്ല പ്രയോഗങ്ങളും കണ്ടാൽ, അവർ അത് പൊക്കിക്കാട്ടുന്നത് കാണാം. സ്ഥലദൈർഘ്യത്തെ ഓർത്തു ഇവിടെ കൂടുതൽ വിസ്തരിക്കുവാൻ ഉദ്ദേശിക്കുന്നില്ല. മുഹമ്മദ് തിരുമേനി ﷺ യുടെശേഷം ഒരു നബിയോ റസൂലോ വരാമെന്നുള്ള വാദം ഇസ്ലാമിന്റെ മൗലികസിദ്ധാന്തത്തിന് കടകവിരുദ്ധമായതും, മുസ്ലിം സമുദായത്തിന്റെ ഏകകണ്ഠമായ അഭിപ്രായത്തിനും തീരുമാനത്തിനും എതിരായതും ആണെന്ന് പരക്കെ അറിയപ്പെട്ടതാണല്ലോ. എങ്കിലും സാധാരണക്കാരുടെ ഓർമക്ക്വേണ്ടി ഈ വ്യാജവാദത്തിന്റെ പൊള്ളത്തരം വ്യക്തമാക്കുന്ന അൽപം ചില സംഗതികൾ മാത്രം ഇവിടെ ചൂണ്ടിക്കാണിക്കാം:-

1) മനുഷ്യൻ ബുദ്ധിപരമായ പക്വത പ്രാപിച്ചു കഴിഞ്ഞിരുന്നില്ലാത്തതുകൊണ്ട് ആദ്യകാലങ്ങളിൽ അല്ലാഹുവിന്റെ ഏകമതമായ ഇസ്ലാം അതിന്റെ പരിപൂർണമായ രൂപത്തിൽ നബി ﷺ ക്ക് മുമ്പ് അവതരിക്കപ്പെട്ടിട്ടുണ്ടായിരുന്നില്ല. അറിയപ്പെട്ടിടത്തോളം, ശരീഅത്തും (ഇസ്ലാമിക നിയമസംഹിതയും) വേദഗ്രന്ഥവുമെന്നനിലക്ക് മനുഷ്യസമുദായത്തിൽ അല്ലാഹുവിനാൽ അവതരിപ്പിക്കപ്പെട്ട ആദ്യത്തെ ഗ്രന്ഥം തൗറാത്താകുന്നു. അതാകട്ടെ, ഇസ്റാഈൽ സമുദായത്തിലേക്ക് റസൂലായി നിയോഗിക്കപ്പെട്ട മൂസാ നബി (അ)യുടെ കൈക്ക് അവർക്ക്വേണ്ടി അവതരിപ്പിക്കപ്പെട്ടതായിരുന്നു. മുഹമ്മദ് നബി ﷺ തിരുമേനി മനുഷ്യലോകത്തിനാകമാനമുള്ള ദൈവദൂതനാകകൊണ്ടും, തിരുമേനിയുടെ നിയോഗമായപ്പോഴേക്കും മനുഷ്യസമുദായത്തിന്റെ ബുദ്ധിപരമായ വളർച്ച

പൂർണത പ്രാപിച്ചതുകൊണ്ടും തിരുമേനിക്ക് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥം- ക്വുർആൻ- ഇസ്ലാമിന്റെ പരിപൂർണവും സർവജനീനവുമായ വേദഗ്രന്ഥമായിത്തീർന്നു. ആ ഗ്രന്ഥം യാതൊരു മാറ്റത്തിരുത്തലും കൂടാതെ ലോകാവസാനം വരെ നിലനിൽക്കുന്നതാണെന്ന് അല്ലാഹു ഉറപ്പ് നൽകുകയും ചെയ്തിരിക്കുന്നു. എന്നിരിക്കെ, എനി ഒരു പ്രവാചകന്റെയോ റസൂലിന്റെയോ വരവിനാകട്ടെ, വേദഗ്രന്ഥത്തിന്റെ അവതരണത്തിനാകട്ടെ ആവശ്യമില്ല. നബി തിരുമേനി ﷺ യുടെ വിയോഗത്തിന് അൽപം മുമ്പ് മനുഷ്യസമുദായത്തോടാകമാനം യാത്ര പറഞ്ഞ ഒരു മഹാസമ്മേളനമാണല്ലോ 'ഹജ്ജത്തുൽവിദാഉ്' (حجة الوداع). ഈ സമ്മേളനത്തിൽവെച്ച് തിരുമേനിക്ക് അവതരിച്ച ക്വുർആൻ വചനം ഈ പരമാർത്ഥം സ്പഷ്ടമാക്കുകയാണ് ചെയ്യുന്നത്. അല്ലാഹു പറയുന്നു: المائدة:٤ –ورضيت لكم الإسلام دينا اليوم أكملت لكم دينكم وأتممت عليكم نعمتى (ഇന്ന് നിങ്ങൾക്ക് നിങ്ങളുടെ മതം ഞാൻ പൂർത്തിയാക്കിത്തരുകയും, എന്റെ അനുഗ്രഹം നിങ്ങളിൽ പരിപൂർണമാക്കുകയും, നിങ്ങൾക്ക് ഇസ്ലാമിനെ മതമായി ഞാൻ തൃപ്തിപ്പെട്ടുതരുകയും ചെയ്തിരിക്കുന്നു. (മാഇദഃ 4.) വിശുദ്ധ ക്വുർആന്റെ സംരക്ഷണത്തെക്കുറിച്ച് അല്ലാഹു പറയുന്നത് നോക്കുക: الحجر:٩ – إنا نحن نزلنا الذكر وإناله لحافظون നാം തന്നെയാണ് പ്രമാണത്തെ- ക്വുർആനെ- അവതരിപ്പിച്ചിരിക്കുന്നത്. നാം തന്നെ അതിനെ കാത്തുസൂക്ഷിക്കുന്നവരുമാകുന്നു. (ഹിജ്ർ: 9)

2) ആദ്യകാലത്ത് മനുഷ്യൻ ബുദ്ധിപരമായ പക്വത പ്രാപിച്ചുകഴിഞ്ഞിരുന്നില്ലെന്നപോലെത്തന്നെ വാർത്താവിതരണം, ഗതാഗതസൗകര്യം, അന്യോന്യ സമ്പർക്കം ആദിയായ നാഗരിക തുറകളിലും മുൻസമുദായങ്ങൾ വളരെ പിന്നിലായിരുന്നു. അതുകൊണ്ട് നബി തിരുമേനി ﷺ ക്ക്മുമ്പ് ഭൂലോകത്ത് നിയുക്തരായ എല്ലാ നബിമാരും ചില പ്രത്യേക സമുദായങ്ങളിലേക്ക്മാത്രം നിയുക്തരായി. നബി തിരുമേനി ﷺ യാകട്ടെ, കാലദേശവ്യത്യാസമില്ലാതെ, ലോകാവസാനം വരേക്കുമുള്ള എല്ലാ ജനങ്ങൾക്കും വേണ്ടി നിയുക്തനായ റസൂലും. അദ്ദേഹം കൊണ്ടുവന്ന ദൈവിക നിയമസംഹിത സകല ജനങ്ങൾക്കും ബാധകമായതുമാകുന്നു. ഇക്കാരണത്താലും എനി ഒരു പ്രവാചകന്റെയോ വേദഗ്രന്ഥത്തിന്റെയോ ആവശ്യം ലോകത്തിന് അവശേഷിക്കുന്നില്ല. അല്ലാഹു പറയുന്നു:

١) قُلْ يَٰٓأَيُّهَا ٱلنَّاسُ إِنِّى رَسُولُ ٱللَّهِ إِلَيْكُمْ جَمِيعًا –الأعراف:١٥٨

1. പറയുക: ഹേ, മനുഷ്യരേ! ഞാൻ നിങ്ങൾ എല്ലാവരിലേക്കുമുള്ള അല്ലാഹുവിന്റെ റസൂലാകുന്നു. (അഅ്റാഫ് 158.)

٢) وَمَآ أَرْسَلْنَٰكَ إِلَّا كَآفَّةً لِّلنَّاسِ بَشِيرًا وَنَذِيرًا وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ – سبا:٢٨

2. മനുഷ്യർക്ക് ആകമാനം സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീത് നൽകുന്നവനും ആയിട്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല. പക്ഷേ, മനുഷ്യരിൽ അധികമാളും അറിയുന്നില്ല. (സബഉ് 28.) ജാബിർ (റ) നിവേദനം ചെയ്തതും, ബുഖാരീ (റ)യും മുസ്ലിമും (റ) ഉദ്ധരിച്ചതുമായ ഒരു നബിവചനവും ഈ വസ്തുത തന്നെയാണ് ചൂണ്ടിക്കാട്ടുന്നത്. ഇതര നബിമാർക്ക് സിദ്ധിച്ചിട്ടില്ലാത്ത അഞ്ച് പ്രത്യേകതകൾ വിവരിക്കുന്ന കൂട്ടത്തിൽ തിരുമേനി പറയുന്നു: وكان النبي يبعث إلى قومه خاصة وبعثت إلى الناس عامة (ഒരു നബി അദ്ദേഹത്തിന്റെ ജനതയിലേക്ക് മാത്രമായിരുന്നു നിയോഗിക്കപ്പെട്ടിരുന്ന്. ഞാൻ മനുഷ്യരിലേക്ക് പൊതുവായി നിയോഗിക്കപ്പെട്ടിരിക്കുന്നു.)

3. നബി തിരുമേനി ﷺ യുടെ നിയോഗം ജനസമുദായത്തിന് ആകമാനമാണെന്നതും, വിശുദ്ധ ക്വുർആൻ ഇസ്ലാമിന്റെ പരിപൂർണ നിയമസംഹിതയാണെന്നതും ശരി

തന്നെ, എന്നാലും ഇടക്കാലത്ത് സമുദായത്തെ ഉദ്ധരിക്കുവാൻ നബിമാർ ഉണ്ടായിക്കൊണ്ടിരിക്കുന്നത് ആവശ്യമല്ലേ? എന്നാണ് പുത്തൻ നബിത്വവാദികളുടെ ഒരു ന്യായം. കേവലം സാധാരണക്കാരായ പൊതുജനങ്ങൾ ഈ ന്യായം ശരിയാണെന്ന് കരുതുകയും ചെയ്തേക്കാം. എന്നാൽ, പ്രത്യേക വേദഗ്രന്ഥമോ നിയമസംഹിതയോ ഇല്ലാത്ത നബിമാരുടെ ചുമതല തങ്ങൾക്കുമുമ്പ് നിലവിലുള്ള ദൈവികനിർദ്ദേശങ്ങൾ ജനങ്ങളെ ഉപദേശിച്ചുകൊണ്ടിരിക്കുക എന്നുള്ളതാണ്. അവർക്ക് അല്ലാഹുവിങ്കൽ നിന്നും പ്രവാചകത്വത്തിന്റെ സ്ഥാനപദവി ലഭിച്ചിരിക്കുമെന്നുമാത്രം. ക്വുർആന്റെ അനുയായികളാകട്ടെ, പ്രവാചകത്വപദവി ഇല്ലാതെത്തന്നെ ഈ കൃത്യം ലോകാവസാനം വരെ നിലനിറുത്തിപ്പോരുവാൻ ബാദ്ധ്യസ്ഥരാകുന്നു. ആ നിലക്കും പ്രവാചകന്റെ ആവശ്യം എനി അവശേഷിക്കുന്നില്ല. അല്ലാഹു പറയുന്നു:

١) وَلْتَكُن مِّنكُمْ أُمَّةٌ يَدْعُونَ إِلَى ٱلْخَيْرِ وَيَأْمُرُونَ بِٱلْمَعْرُوفِ وَيَنْهَوْنَ عَنِ ٱلْمُنكَرِ

1. നന്മയിലേക്ക് ക്ഷണിക്കുകയും [illegible] ക്കുറിച്ച് വിരോധിക്കുകയും ചെയ്യുന്ന ഒരു സമൂഹം നിങ്ങളിൽ ഉണ്ടായിരിക്കട്ടെ. (ആലുഇംറാൻ: 104.)

٢) وَٱلْمُؤْمِنُونَ وَٱلْمُؤْمِنَٰتُ بَعْضُهُمْ أَوْلِيَآءُ بَعْضٍ يَأْمُرُونَ بِٱلْمَعْرُوفِ وَيَنْهَوْنَ عَنِ ٱلْمُنكَرِ - التوبة: ٧١

2. സത്യവിശ്വാസികളായ പുരുഷൻമാരും സ്ത്രീകളും ചിലർ ചിലരുടെ -അന്യോന്യം- കാര്യകർത്താക്കളാകുന്നു. അവർ സൽക്കാര്യംകൊണ്ട് കൽപിക്കുകയും, നിഷിദ്ധമായതിനെ വിരോധിക്കുകയും ചെയ്യുന്നു. (തൌബഃ 71.)

വിമതസ്ഥർക്ക് മതപ്രബോധനം ചെയ്യുന്നതും, അന്യോന്യം ഉപദേശിക്കുന്നതും മുസ്‌ലിംകളുടെ കടമയും കർത്തവ്യവുമാണെന്ന് കാണിക്കുന്ന നിരവധി ക്വുർആൻ വചനങ്ങളും നബിവചനങ്ങളും ഉണ്ടെന്ന് പറയേണ്ടതില്ല. പണ്ഡിതൻമാരിലാണ് ഈ ചുമതല പ്രധാനമായും നിലകൊള്ളുന്നത്. അതുകൊണ്ടാണ് ഒരു ഹദീഥിൽ وان العلماء ورثة الأنبياء... (പണ്ഡിതൻമാർ നബിമാരുടെ അനന്തരാവകാശികളാണ്) എന്ന് നബി ﷺ അരുളിച്ചെയ്തതും. (അബൂദാവൂദ്; തിർമദീ.)

4. ലോകത്ത് എന്ത് മാറ്റങ്ങൾ തന്നെ സംഭവിച്ചാലും, ക്വുർആൻ അതിന്റെ സാക്ഷാൽ രൂപത്തിന് ഭംഗം വരാതെ കാത്തുസൂക്ഷിക്കുമെന്ന് അല്ലാഹു പറഞ്ഞുവല്ലോ. മനുഷ്യസമുദായം എത്ര ദുഷിച്ചാലും അവരിൽ അൽപം ചിലരെങ്കിലും സത്യത്തിൽ നിലകൊള്ളുന്നവരായും, ഇസ്‌ലാമിന്റെ സിദ്ധാന്തങ്ങൾ വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നവരായും ലോകാവസാനംവരെ അവശേഷിക്കാതിരിക്കുകയില്ലെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. മാത്രമല്ല, ഇതൊരു യാഥാർത്ഥ്യം തന്നെയാണെന്ന് നബി ﷺ പ്രവചനം ചെയ്തിട്ടുമുണ്ട്. അവിടുന്ന് പറയുന്നു:- لا يزال من أمّتى أمة قائمة بأمر الله لا يضرهم من خذلهم ولا من خالفهم حتى يأتى أمر الله وهم على ذلك – متفق عليه (എന്റെ സമുദായത്തിൽ, അല്ലാഹുവിന്റെ കൽപന അനുസരിച്ച് നിലകൊള്ളുന്ന ഒരു സമൂഹം ഉണ്ടായിക്കൊണ്ടേയിരിക്കും. അവരെ കൈവെടിയുന്നവരാകട്ടെ, അവരോട് ഭിന്നിച്ചു നിൽക്കുന്നവരാകട്ടെ- ആരും തന്നെ- അവർക്ക് ഉപദ്രവം വരുത്തുകയില്ല. അങ്ങനെ, അവർ അതേ നിലയിലിരിക്കെ അല്ലാഹുവിന്റെ കൽപന (ലോകാവസാനം) വന്നെത്തും. (ബു; മു.)

5. മേൽപറഞ്ഞതെല്ലാം ശരി, എന്നാലും ഒരു പ്രവാചകൻ എന്തുകൊണ്ട് വന്നുകൂടാ? എന്നാണ് എനി ചോദിക്കുവാനുള്ളത്. ഇതിന് ഏറ്റവും വ്യക്തവും, പ്രധാനവുമായ മറുപടി, നബി തിരുമേനി ﷺ നബിമാരിൽ അവസാനത്തെ ആളാണെന്ന് പ്രഖ്യാപിക്കുന്ന നമ്മുടെ

ഈ ആയത്തുതന്നെയാണ്. പക്ഷേ, മേൽ സൂചിപ്പിച്ച പ്രകാരം, അതിന്റെ അർത്ഥവിവക്ഷയെ സംബന്ധിച്ചിടത്തോളം പുതിയ കൃത്രിമ നബിമാരുടെ അനുയായികൾ പല ദുർവ്യാഖ്യാനങ്ങളും നടത്തിയിരിക്കയാണല്ലോ. ആ സ്ഥിതിക്ക് ഇവരുടെ ദുർവ്യാഖ്യാനങ്ങൾ തികച്ചും നിരർത്ഥമാണെന്ന് കാണിക്കുന്ന ചില സംഗതികൾ കൂടി ഇവിടെ ഓർമിക്കുന്നത് നന്നായിരിക്കും.

1 -ാമതായി: ഈ ആയത്തിലെ خاتم النبيين എന്ന വാക്കിന് നബി തിരുമേനി നൽകുന്ന അർത്ഥം എന്താണെന്ന് നോക്കാം. തിരുമേനിയാണല്ലോ ക്വുർആൻ ജനങ്ങൾക്ക് പ്രബോധനം ചെയ്തതും, വിവരിച്ചുതന്നതും. അപ്പോൾ തിരുമേനിയുടെ വ്യാഖ്യാനത്തിനാണ് ഏത് നിലക്കും മുൻഗണന നൽകേണ്ടത്. 2 -ാമതായി: പ്രധാന അറബിനിഘണ്ടുക്കളും പണ്ഡിതൻമാരും അതിന് നൽകിയ അർത്ഥം എന്താണെന്നും 3 -ാമതായി നബി തിരുമേനി ﷺ യുടെ കാലത്തും, അതിന്ശേഷവും പുതിയ നബിത്വവാദത്തെക്കുറിച്ച് സ്വീകരിക്കപ്പെട്ടിരുന്ന നിലപാട് എന്താണെന്നും പരിശോധിച്ചുനോക്കാം. ഈ വിഷയകമായി പ്രധാന ഹദീഥ് ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ഹദീഥുകൾ ഏതാനും ഉദ്ധരിക്കുന്ന പക്ഷം അത് വളരെയധികം ദീർഘിച്ചുപോകും. പല സ്വഹാബികൾ വഴിയായും, പല വാചകങ്ങളിലായും വന്നിട്ടുള്ള പ്രസിദ്ധമായ നിരവധി ഹദീഥുകളിൽ രണ്ടെണ്ണം മാത്രം ഉദാഹരണത്തിന് ഇവിടെ ചൂണ്ടിക്കാട്ടുന്നു:

1) നബി ﷺ പ്രസ്താവിച്ചതായി ജാബിർ (റ) നിവേദനം ചെയ്യുന്ന ഒരു ഹദീഥിന്റെ ചുരുക്കം ഇതാണ്: എന്റെയും മറ്റ് നബിമാരുടെയും ഉപമ, ഒരു പുരുഷന്റേതുപോലെയാണ്; അയാൾ ഒരു വീട് നിർമിച്ചു. ഒരു ഇഷ്ടികക്കല്ലിന്റെ സ്ഥാനം ഒഴിച്ച് മറ്റെല്ലാം അയാൾ പൂർത്തിയാക്കുകയും ഭംഗിയാക്കി നിർമിക്കുകയും ചെയ്തു. ആകയാൽ, അതിൽ പ്രവേശിച്ചു അത് നോക്കുന്നവരെല്ലാവരും പറയുകയായി: 'ഈ ഒരു കല്ലിന്റെ സ്ഥാനം ഒഴിച്ച് മറ്റുള്ളതെല്ലാം എന്തൊരു ഭംഗി ! എന്നാൽ ഈ കല്ലിന്റെ സ്ഥാനം ഞാനാകുന്നു. പ്രവാചകൻമാർ എന്നെക്കൊണ്ട് അവസാനിപ്പിക്കപ്പെട്ടിരിക്കുന്നു. (فانا موضع اللبنة ختم بى الأنبياء) ഈ ഹദീഥ് ഇമാം ബുഖാരി, മുസ്‌ലിം (റ) തുടങ്ങിയ പല മഹാൻമാരും ഉദ്ധരിച്ചതാകുന്നു. ഇവിടെയും ഇതുപോലുള്ള മറ്റ് സ്ഥലങ്ങളിലും ختم എന്ന ക്രിയക്ക് 'സീൽ വെക്കപ്പെട്ട' എന്ന് വിവർത്തനം ചെയ്താൽപോലും 'അവസാനിപ്പിക്കപ്പെട്ടു'വെന്നല്ലാതെ അതിന് വിവക്ഷ നൽകുവാൻ സാധ്യമാവുകയില്ല. 'എന്നെക്കൊണ്ട് നബിമാർക്ക് ശ്രേഷ്ഠത നൽകപ്പെട്ടുവെന്നാണ്' ഇതിന്റെ അർത്ഥമെന്ന് അറബി അറിയാവുന്ന ഒരു 'അഹ്മദി'ക്ക് പോലും പറയുവാൻ പറ്റുകയില്ല.

2) അലിയ്യ് (റ)നോട് നബി ﷺ പറയുകയുണ്ടായി: എന്നെ സംബന്ധിച്ചിടത്തോളം നീ, മൂസാ നബിയെ സംബന്ധിച്ച് ഹാറൂന്റെ പദവിയിലാകുന്നു. പക്ഷേ, എന്റെശേഷം ഒരു നബിയും ഇല്ല.' (الا إنه لا نبي بعدى) ഈ ഹദീഥും ബുഖാരിയും, മുസ്‌ലിമും (റ) ഉദ്ധരിച്ചതാണ്.

അറബിഭാഷാ നിഘണ്ടുക്കളിൽ പ്രസിദ്ധവും പ്രധാനവുമായ എല്ലാ നിഘണ്ടുക്കളിലും കാണാവുന്ന ചില വാക്കുകളാണ് ഇവ: (١) ختم القوم اخرهم (٢) ختام القوم وخاتمهم وخاتمهم أخرهم ، (٣) ختم الشيء بلغ آخره അതായത്:

1) ജനങ്ങളുടെ 'ഖാത്തം' എന്ന് പറഞ്ഞാൽ അവരിൽ അവസാനത്തെ ആൾ എന്നാകുന്നു.

2) ജനങ്ങളുടെ 'ഖിത്താമും', 'ഖാത്തമും', 'ഖാത്തിമും' എല്ലാം തന്നെ അവരിൽ അവസാനത്തെവനാകുന്നു.

3) ഒരു കാര്യം 'ഖത്ത്മ് ചെയ്തു' എന്ന് പറഞ്ഞാൽ അതിന്റെ അന്ത്യത്തിങ്കലെത്തി എന്നർത്ഥം. കൂടുതൽ ഉദാഹരണങ്ങൾ ഉദ്ധരിക്കേണ്ടതില്ല.

മുഹമ്മദ് മുസ്ത്വഫാ തിരുമേനി ﷺക്ക് ശേഷം ഒരു പുതിയ നബി വരികയില്ലെന്നും, വിശുദ്ധ ക്വുർആനും നബിവാക്യങ്ങളും അക്കാര്യം തുറന്ന് പ്രസ്താവിച്ചിട്ടുണ്ടെന്നുമുള്ളതിൽ ഇസ്‌ലാമികവൃത്തത്തിൽ ഉൾപ്പെട്ട ഒരാൾക്കും പക്ഷാന്തരമില്ല. ഇത് ഇസ്‌ലാമിലെ ഒരു മൗലികസിദ്ധാന്തമായി മുസ്‌ലിംകൾ അംഗീകരിക്കുകയും, ഇതിനെതിരായ വിശ്വാസം അനിസ്‌ലാമികവും, ഇതിനെതിരായ വാദം ഇസ്‌ലാമിൽ നിന്നുള്ള വ്യതിയാനവുമായി അവർ കണക്കാക്കുകയും ചെയ്യുന്നു. സ്വഹാബികളുടെ കാലത്തും, അവരുടെ കാലശേഷവും മാത്രമല്ല, നബി തിരുമേനി ﷺയുടെ കാലത്തും, ചില പ്രവാചകത്വവാദികൾ ഉണ്ടായിട്ടുണ്ട്. അവരുടെ വാദത്തെക്കുറിച്ച് പരിശോധിക്കുകയോ തെളിവുകൾ അന്വേഷിക്കുകയോ ചെയ്യാൻ നബി ﷺയോ ഉത്തരവാദപ്പെട്ട മുസ്‌ലിംഭരണകർത്താക്കളിൽ ആരെങ്കിലുമോ മുതിർന്നിട്ടില്ല. നേരെ മറിച്ച് ഇസ്‌ലാമിക ഭരണകൂടം അവർ കള്ളവാദികളാണെന്ന് വിധിക്കുകയും, യുദ്ധമോ വധമോ നടത്തുകയുമാണുണ്ടായിട്ടുള്ളത്. ഇസ്‌ലാം ചരിത്രം വായിക്കുന്നവർക്കെല്ലാം അറിയാവുന്ന വസ്തുതയാണിത്. നബി ﷺക്കുശേഷം ഒരാൾ, താൻ പ്രവാചകനാണെന്ന് വാദിക്കുമ്പോൾ അതിന് തെളിവുണ്ടോ എന്ന് പരിശോധിക്കുന്നത് പോലും സത്യവിശ്വാസത്തിൽനിന്നുള്ള വ്യതിയാനമായിട്ടാണ് ചില മഹാൻമാർ അഭിപ്രായപ്പെട്ടിരിക്കുന്നത്. പ്രവാചകസമാപ്തി (ختم النبوة)യെക്കുറിച്ച് പല പണ്ഡിതൻമാരും പ്രത്യേകം ഗ്രന്ഥങ്ങൾതന്നെ രചിച്ചിരിക്കുന്നു. കൂടുതൽ വിവരം അത്തരം ഗ്രന്ഥങ്ങളിൽനിന്ന് മനസ്സിലാക്കാവുന്നതാണ്.

ചുരുക്കത്തിൽ, മുഹമ്മദ് നബി ﷺക്ക് ശേഷം അല്ലാഹുവിൽനിന്ന വഹ്‌യ് ലഭിക്കുകയും പ്രവാചകത്വ സ്ഥാനം ലഭിക്കുകയും ചെയ്യുന്ന ഒരു പ്രവാചകനും ഈ ലോകത്ത് എനി വരുവാനില്ല. ഉണ്ടെന്ന് എപ്പോഴെങ്കിലും ആരെങ്കിലും വാദിക്കുന്നപക്ഷം അവർക്ക് സിദ്ധിക്കുന്ന വഹ്‌യും, പ്രവാചകത്വവും, സഹായവും എല്ലാംതന്നെ പിശാചിൽനിന്നുള്ളതായിരിക്കും. الشعراء– هل أنبئكم على من تنزل الشياطين تنزل على كل أفاك اثيم (നിങ്ങൾക്ക് ഞാൻ വർത്തമാനം അറിയിച്ചുതരട്ടെയോ, ആരുടെമേലിലാണ് പിശാചുക്കൾ ഇറങ്ങുന്നതെന്ന്? മഹാവ്യാജ്ഞനും, ദുഷ്ടനുമായ എല്ലാവരുടെയും മേലത്രെ അവർ ഇറങ്ങുന്നത്. (സൂ: ശുഅറാഉ്: 221, 222) അതുകൊണ്ട് പുതിയൊരു നബിത്വവാദം ഉന്നയിക്കുന്നവരോട് നമുക്ക് പറയാം. لكم دينكم ولي دين (നിങ്ങൾക്ക് നിങ്ങളുടെ മതം. എനിക്ക് എന്റെ മതം.)

വിഭാഗം – 6

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱذْكُرُوا۟ ٱللَّهَ ذِكْرًا كَثِيرًا ﴿٤١﴾

﴾41﴿ **ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ സ്മരിക്കുവിൻ, ധാരാളം സ്മരണ.**

وَسَبِّحُوهُ بُكْرَةً وَأَصِيلًا ﴿٤٢﴾

﴾42﴿ **കാലത്തും, വൈകുന്നേരവും അവന് 'തസ്ബീഹ്' [പരിശുദ്ധിയുടെ കീർത്തനം] ചെയ്കയും ചെയ്യുവിൻ.**

﴾41﴿ يَا أَيُّهَا الَّذِينَ آمَنُوا ഹേ, വിശ്വസിച്ചവരേ اذْكُرُوا اللَّهَ നിങ്ങൾ അല്ലാഹുവിനെ സ്മരി ക്കുവിൻ, ഓർമിക്കുവിൻ ذِكْرًا كَثِيرًا ധാരാളമായ സ്മരണ, അധികമായ ഓർമ ﴾42﴿ وَسَبِّحُوهُ നിങ്ങൾ അവന് തസ്ബീഹ് (പരിശുദ്ധിയുടെ കീർത്തനം) ചെയ്യുകയും വേണം بُكْرَةً രാവിലെ وَأَصِيلًا വൈകുന്നേരവും

സ്മരിക്കുക, ഓർമിക്കുക, പറയുക, കീർത്തനം ചെയ്യുക, പ്രഖ്യാപിക്കുക എന്നിങ്ങനെ അർത്ഥങ്ങൾ വരാവുന്ന വാക്കാണ് ذكر (ദിക്ർ). മനസാ, വാചാ, കർമണാ അല്ലാഹുവിനെ ക്കുറിച്ചുള്ള ബോധമാണ് സാക്ഷാൽ ദിക്ർ. ഹംദ്, തസ്ബീഹ്, ദുആ, നമസ്കാരം, തക്ബീർ, തഹ്ലീൽ, ധ്യാനം മുതലായവമൂലമാണത് പ്രകടിപ്പിക്കുക. അതുകൊണ്ട് സാധാരണമായി ദിക്ർ എന്ന് പറയുന്നത് ഇവയെക്കുറിച്ചാണ്. ദിക്റിന്റെ കൂട്ടത്തിൽ പ്രധാനപ്പെട്ടതാണ് തസ്ബീഹും, നമസ്കാരവും. (സൂ: റൂം 18 ന്റെയും സൂ: അൻകബൂത്ത് 45 ന്റെയും വിവ രണത്തിൽ വായിച്ചത് ഇവിടെയും ഓർക്കുക.) അല്ലാഹുവിനെ ധാരാളം സ്മരിക്കുകയും, അവന്റെ സ്തോത്രകീർത്തനങ്ങൾ നടത്തുകയും ചെയ്യേണ്ടതിന്നുള്ള ഒരു കാരണമെ ന്നോണം അല്ലാഹു പറയുന്നു:-

هُوَ ٱلَّذِى يُصَلِّى عَلَيْكُمْ وَمَلَٰٓئِكَتُهُۥ لِيُخْرِجَكُم مِّنَ ٱلظُّلُمَٰتِ إِلَى ٱلنُّورِ ۚ وَكَانَ بِٱلْمُؤْمِنِينَ رَحِيمًا ﴿٤٣﴾

﴾43﴿ നിങ്ങളുടെ മേൽ അനുഗ്രഹം നേരുന്നവനത്രെ അവൻ [അല്ലാഹു]; അവന്റെ മലക്കുകളും തന്നെ (അനു ഗ്രഹം നേരുന്നു); -നിങ്ങളെ അന്ധകാ രങ്ങളിൽനിന്ന് പ്രകാശത്തിലേക്ക് വരു ത്തുവാൻ വേണ്ടി. അവൻ സത്യവി ശ്വാസികളിൽ വളരെ കരുണയുള്ളവ നാണ് താനും.

تَحِيَّتُهُمْ يَوْمَ يَلْقَوْنَهُۥ سَلَٰمٌ ۚ وَأَعَدَّ لَهُمْ أَجْرًا كَرِيمًا ﴿٤٤﴾

﴾44﴿ അവർ അവനെ കാണുന്ന ദിവസം അവർക്കുള്ള ഉപചാരം, 'സലാം' എന്ന് (സമാധാനസന്ദേശം) ആയിരി ക്കും. അവർക്ക് മാന്യമായ പ്രതിഫലം അവൻ ഒരുക്കിവെക്കുകയും ചെയ്തിരി ക്കുന്നു.

﴾43﴿ هُوَ അവൻ الَّذِي يُصَلِّي സ്വലാത്ത് (അനുഗ്രഹം) നേരുന്നവനാണ് عَلَيْكُمْ നിങ്ങളുടെമേൽ وَمَلَائِكَتُهُ അവന്റെ മലക്കുകളും لِيُخْرِجَكُمْ നിങ്ങളെ അവൻ പുറത്ത് കൊണ്ടുവരുവാൻവേണ്ടി مِنَ الظُّلُمَاتِ അന്ധകാരങ്ങളിൽ നിന്ന് إِلَى النُّورِ പ്രകാശത്തിലേക്ക് وَكَانَ അവൻ ആകുന്നു بِالْمُؤْمِنِينَ സത്യവിശ്വാസികളിൽ رَحِيمًا വളരെ കരുണയുള്ളവൻ ﴾44﴿ تَحِيَّتُهُمْ അവരുടെ ഉപചാരം, അഭിവാദ്യം يَوْمَ يَلْقَوْنَهُ അവരവനെ കാണുന്ന ദിവസം سَلَامٌ സലാമാണ് وَأَعَدَّ لَهُمْ അവർക്ക് അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു أَجْرًا كَرِيمًا മാന്യമായ പ്രതിഫലം

يصلى എന്ന വാക്കിനാണ് അനുഗ്രഹം നേരുക എന്ന് അർത്ഥം കൽപിച്ചത്. صلوة (സ്വലാത്ത്) എന്ന ധാതുവിൽനിന്നുള്ള ക്രിയാരൂപമത്രെ അത്. 'പ്രാർത്ഥന, അനുഗ്രഹം, കാരുണ്യം' എന്നൊക്കെയാണതിന്റെ അർത്ഥം. അല്ലാഹു സത്യവിശ്വാസികൾക്ക് അനുഗ്രഹവും കാരുണ്യവും നൽകുന്നു. മലക്കുകൾക്കിടയിൽ അവരുടെ ഗുണഗണങ്ങളെ പുകഴ്ത്തുകയും ചെയ്യുന്നു. 'അല്ലാഹു അനുഗ്രഹം നേരുന്നു' ('സ്വലാത്ത് ചെയ്യുന്നു) എന്ന് പറഞ്ഞതിന്റെ സാരം ഇതാണ്. മലക്കുകൾ സത്യവിശ്വാസികൾക്ക് ഗുണത്തിന്വേണ്ടി പ്രാർത്ഥിക്കുകയും, അവർക്ക് പാപമോചനം തേടുകയും ചെയ്യുന്നതായി സൂറത്തുൽ മുഅ്മിൻ (ഗാഫിർ) 7 , 8, 9 വചനങ്ങളിൽ അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. മലക്കുകൾ അനുഗ്രഹം നേരുന്നതിന്റെ ഉദ്ദേശ്യം ഇതത്രെ. അങ്ങനെ, അസത്യം, ദുർമാർഗം, അജ്ഞത, ദുർഭാഗ്യം ആദിയായ അന്ധകാരങ്ങളിൽനിന്ന് സത്യവിശ്വാസികൾക്ക് വിമുക്തി ലഭിക്കുവാനും, സൻമാർഗത്തിന്റെയും സൽഭാഗ്യത്തിന്റെയും വെളിച്ചത്തിലേക്ക് എത്തിച്ചേരുവാനും അല്ലാഹുവിന്റെയും മലക്കുകളുടെയും 'സ്വലാത്ത്' അവർക്ക് സഹായകമായിത്തീരുന്നു.

സത്യവിശ്വാസികൾക്ക് അല്ലാഹുവിൽ നിന്ന് സലാം ലഭിക്കുന്നു. (സൂ: യാസീൻ 58) മരണവേളയിൽ അവരുടെ അടുക്കൽ മലക്കുകൾ ചെന്നു സലാം പറയുകയും, സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു. (സൂ: നഹ്ൽ 32) സ്വർഗത്തിന്റെ കാവൽക്കാരായ മലക്കുകൾ അവർക്ക് സലാം പറഞ്ഞുകൊണ്ട് അവരെ സ്വാഗതം ചെയ്യും. (സൂ: സുമർ 73) 'സലാം! സലാം!!' എന്നിങ്ങനെയല്ലാതെ, വ്യർത്ഥമായതോ, പാപകരമായതോ ആയ ഒന്നുംതന്നെ അവർ സ്വർഗത്തിൽവെച്ച് കേൾക്കുകയില്ല. (സൂ: വാകിഅഃ 25, 26) സ്വർഗത്തിൽ അവരുടെ ഉപചാരവാക്യം സലാമായിരിക്കും. (സൂ: യൂനുസ് 10.) ചുരുക്കത്തിൽ, എവിടെയും, ആരിൽനിന്നും, അവർക്ക് സലാമിന്റെ- ശാന്തിയുടെ -സമാധാനത്തിന്റെ- രക്ഷയുടെ- അഭിവാദ്യമാണ് സിദ്ധിക്കുന്നത്. അപ്പോൾ, 'സത്യവിശ്വാസികളേ' എന്ന് സംബോധന ചെയ്തുകൊണ്ട് ഈ രണ്ട് വചനങ്ങളിൽ അല്ലാഹു പ്രസ്താവിച്ച പ്രസ്താവനകൾ ഓരോന്നും ഓരോ സത്യവിശ്വാസിക്കും എത്രമേൽ ആവേശകരമാണെന്ന് ആലോചിച്ചുനോക്കുക! നബി തിരുമേനി ﷺ നമസ്കാരാനന്തരം, സാധാരണ ദുആ ചെയ്തിരുന്നതുപോലെ നാമും ദുആ ചെയ്യുക: اللهم أنت السلام و منك السلام (അല്ലാഹുവേ, നീയാണ് സലാം നിന്റെ പക്കൽനിന്നാണ് സലാം.) അല്ലാഹുവേ, നീ ഞങ്ങൾക്ക് അനുഗ്രഹവും, അന്ധകാരങ്ങളിൽനിന്ന് മോചനവും, നിത്യശാന്തിയും നൽകണേ! آمين

يَـٰٓأَيُّهَا ٱلنَّبِىُّ إِنَّآ أَرْسَلْنَـٰكَ شَـٰهِدًا وَمُبَشِّرًا وَنَذِيرًا ﴿٤٥﴾

﴾45﴿ ഹേ, നബിയേ! നിശ്ചയമായും നാം നിന്നെ സാക്ഷിയും, സന്തോഷവാർത്ത അറിയിക്കുന്നവനും, താക്കീതുകാരനും ആയിക്കൊണ്ട് അയച്ചിരിക്കുകയാണ്.

وَدَاعِيًا إِلَى ٱللَّهِ بِإِذْنِهِۦ وَسِرَاجًا مُّنِيرًا ﴿٤٦﴾

﴾46﴿ അല്ലാഹുവിലേക്ക് അവന്റെ ഉത്തരവനുസരിച്ച് ക്ഷണിക്കുന്നവനായും, പ്രകാശം നൽകുന്ന ഒരു വിളക്കായും (നിന്നെ അയച്ചിരിക്കുന്നു).

وَبَشِّرِ ٱلْمُؤْمِنِينَ بِأَنَّ لَهُم مِّنَ ٱللَّهِ فَضْلًا كَبِيرًا ﴿٤٧﴾

《47》 സത്യവിശ്വാസികൾക്ക് അല്ലാഹുവിങ്കൽനിന്ന് വലുതായഔദാര്യം (അഥവാ അനുഗ്രഹം) ഉണ്ടെന്ന് നീ അവർക്ക് സന്തോഷവാർത്ത അറിയിക്കുക.

وَلَا تُطِعِ ٱلْكَٰفِرِينَ وَٱلْمُنَٰفِقِينَ وَدَعْ أَذَىٰهُمْ وَتَوَكَّلْ عَلَى ٱللَّهِ ۚ وَكَفَىٰ بِٱللَّهِ وَكِيلًا ﴿٤٨﴾

《48》 അവിശ്വാസികളെയും, കപടവിശ്വാസികളെയും അനുസരിക്കുകയും ചെയ്യരുത്. അവരുടെ ശല്യത്തെ നീ (അവഗണിച്ചു) വിട്ടേക്കുകയും, അല്ലാഹുവിന്റെമേൽ ഭരമേൽപിക്കുകയും ചെയ്യുക. ഭരമേല്പിക്കപ്പെടുന്നവനായി അല്ലാഹുതന്നെ മതി!

《45》. يَا أَيُّهَا النَّبِيُّ ഹേ നബിയേ إِنَّا നിശ്ചയമായും നാം أَرْسَلْنَاكَ നിന്നെ അയച്ചിരിക്കുന്നു شَاهِدًا സാക്ഷിയായി وَ مُبَشِّرًا സന്തോഷവാർത്ത അറിയിക്കുന്നവനായും وَ نَذِيرًا താക്കീത് നൽകുന്നവനായും 《46》 وَ دَاعِيًا ക്ഷണിക്കുന്ന (വിളിക്കുന്ന)വനായും إِلَى اللهِ അല്ലാഹുവിലേക്ക് بِإِذْنِهِ അവന്റെ ഉത്തരവ് (സമ്മത) പ്രകാരം وَ سِرَاجًا വിളക്കായും مُنِيرًا പ്രകാശം (വെളിച്ചം) നൽകുന്ന 《47》 وَبَشِّرِ നീ സന്തോഷവാർത്ത അറിയിക്കുക الْمُؤْمِنِينَ സത്യവിശ്വാസികൾക്ക് بِأَنَّ لَهُمْ അവർക്കുണ്ടെന്ന് مِنَ اللهِ അല്ലാഹുവിങ്കൽ നിന്ന് فَضْلًا അനുഗ്രഹം, ഔദാര്യം كَبِيرًا വലുതായ, മഹത്തായ 《48》. وَلَا تُطِعِ നീ അനുസരിക്കയും അരുത് الْكَافِرِينَ അവിശ്വാസികളെ وَ الْمُنَافِقِينَ കപടവിശ്വാസികളെയും وَ دَعْ വിട്ടു(തള്ളി)കളയുകയും ചെയ്യുക أَذَاهُمْ അവരുടെ ശല്യത്തെ, ഉപദ്രവത്തെ, സ്വൈര്യക്കേടിനെ وَتَوَكَّلْ നീ ഭരമേൽപിക്കയും ചെയ്യുക عَلَى اللهِ അല്ലാഹുവിന്റെമേൽ وَ كَفَى بِاللهِ അല്ലാഹു തന്നെ മതി وَ كِيلًا ഭരമേൽപിക്കപ്പെടുന്നവൻ, ഭരമേൽക്കുന്നവൻ

നബി തിരുമേനി ﷺയെ റസൂലായി നിയോഗിച്ചതിന്റെ ഉദ്ദേശ്യങ്ങളും, തിരുമേനിയുടെ സ്ഥാനപദവികളും കർത്തവ്യങ്ങളും ഈ വചനങ്ങളിൽ അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു.

1) സമുദായത്തിന്റെ സ്ഥിതിഗതി വീക്ഷിച്ചുകൊണ്ടിരിക്കുക, അല്ലാഹുവിന്റെ നിയമനിർദ്ദേശങ്ങൾ അവർ പാലിച്ചതിനെ സംബന്ധിച്ച് ക്വിയാമത്തുനാളിൽ സാക്ഷ്യം വഹിക്കുക, ആചാരാനുഷ്ഠാനങ്ങളിലും, ജീവിതത്തിന്റെ നാനാവശങ്ങളിലും അവർക്ക് മാതൃക സാക്ഷ്യം കാണിച്ചുകൊടുക്കുക എന്നിങ്ങനെയുള്ള അർത്ഥങ്ങളിൽ തിരുമേനി 'സാക്ഷി' (شاهد)യാകുന്നു.

2) സജ്ജനങ്ങൾക്ക് അല്ലാഹുവിങ്കൽനിന്ന് ഉണ്ടാവാനിരിക്കുന്ന പുണ്യഫലങ്ങളെയും, പ്രതിഫലങ്ങളെയും കുറിച്ച് 'സന്തോഷവാർത്ത അറിയിക്കുന്നവനും' (مبشر) ആകുന്നു.

3) ദുർജ്ജനങ്ങൾക്ക് അല്ലാഹുവിങ്കൽനിന്ന് ഉണ്ടാകുവാനിരിക്കുന്ന ശിക്ഷകളെയും, ഭവിഷ്യ ത്തുകളെയുംകുറിച്ച് ഭയപ്പെടുന്ന 'താക്കീതുകാരനും' (نذير) ആകുന്നു.

4) അല്ലാഹുവിന്റെ ഉത്തരവും, കൽപ്പനയും, അനുമതിയും അനുസരിച്ച് അല്ലാഹുവിങ്ക ലേക്ക്- അഥവാ തൗഹീദിന്റെയും സൻമാർഗത്തിന്റെയും പാതയിലേക്ക്- പ്രബോധനം വഴി ജനങ്ങളെ 'ക്ഷണിക്കുന്നവനും' (داع إلى الله) ആകുന്നു.

5) അജ്ഞാനവും, അസത്യവും, ദുരാചാരവും നിറഞ്ഞു ഇരുട്ടുമൂടിയ ലോകത്തിന് ജ്ഞാന ത്തിന്റെയും സത്യത്തിന്റെയും, സദാചാരത്തിന്റെയും വെളിച്ചം നൽകുന്നതിന് വേണ്ടി ഹിറാമല ഗുഹയിൽ നിന്ന് ഉദയം ചെയ്ത് ലോകമാകമാനം പ്രഭപരത്തി പ്രകാശിപ്പിച്ചു വന്ന സൂര്യ 'വിളക്കും' (سراج منير) ആകുന്നു.

സത്യവിശ്വാസികൾക്ക് സന്തോഷവാർത്തയും, അല്ലാത്തവർക്ക് ഭയവാർത്തയും നൽകി ക്കൊണ്ടിരിക്കുമ്പോൾ അതിന്നെതിരിൽ അവിശ്വാസികളുടെയും, കപടവിശ്വാസികളുടെയും ചേരിയിൽനിന്ന് വിവിധതരത്തിലുള്ള എതിർപ്പുകളും, ഉപദ്രവങ്ങളും അനുഭവപ്പെട്ടുകൊ ണ്ടിരിക്കുക സ്വാഭാവികമാണ്. ഇത് അന്നും ഇന്നും എന്നും കാണാവുന്ന ഒരു യഥാർത്ഥ്യ മത്രെ. നബി തിരുമേനി ﷺ യുടെ മുകളിൽ വിവരിച്ച കൃത്യനിർവ്വഹണങ്ങളിൽ ഇവരുടെ ശല്യം മൂലം നേരിടുന്ന വിഘ്നങ്ങളെ അവഗണിച്ചു മുന്നോട്ട് പോകുവാനും, എല്ലാം അല്ലാഹുവിൽ അർപ്പിച്ചു മനസ്സമാധാനപ്പെട്ടുകൊണ്ടിരിക്കുവാനും അല്ലാഹു നബി ﷺ യെ ഉപദേശിക്കുന്നു. ഈ മഹത്തായ ഉപദേശം നബി ﷺ യുടെ ചര്യയെ മാതൃകയാക്കുന്ന എല്ലാ മതപ്രബോധകൻമാരും സദാ ഓർമിച്ചിരിക്കേണ്ടതുണ്ട്.

അടുത്ത വചനം മുതൽ സംസാരമുഖം മറ്റൊരു വശത്തേക്ക് തിരിയുന്നു. ചില വൈവാ ഹിക നിയമങ്ങളാണ് അടുത്ത ആയത്തുകളിൽ പ്രതിപാദിക്കുന്നത്. നിയമങ്ങൾ വിവരിക്കു മ്പോൾ മനുഷ്യരാൽ വിരചിതമായ സാധാരണ ഗ്രന്ഥങ്ങളിൽ കാണപ്പെടുന്ന പ്രതിപാദനരീ തിയും, ക്വുർആന്റെ പ്രതിപാദനരീതിയും തമ്മിലുള്ള വ്യത്യാസം ശ്രദ്ധിച്ചുനോക്കുക! അല്ലാഹു പറയുന്നു:-